بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 26.04.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*26.04.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## നബി(സ)തിരുമേനിയുടെ മഹോന്നത പദവിയിലുള്ള ബദരീ സ്വഹാബികളുടെ(റ) സ്തുത്യർഹമായ സവിശേഷ ഗുണങ്ങളുടെ ഹൃദയഹാരിയായ വിവരണങ്ങൾ.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَ رَسُوْلُهُ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۝ الرَّحْمٰنِ الرَّحِيْمِ۝ مٰلِكِ يَوْمِ الدِّيْنِ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ۝ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۝

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായി:

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹദ്റത്ത് ഉസ്മാനുബ്നു മദ്ഊനെക്കുറിച്ച് വിവരിച്ചുകൊണ്ട്, അദ്ദേഹം ജന്നത്തുൽ ബഖീഇൽ അടക്കം ചെയ്യപ്പെട്ട ആദ്യ വ്യക്തിയായിരുന്നു എന്നു പറഞ്ഞ് അവസാനിപ്പിച്ചിരുന്നു. ജന്നത്തുൽ ബഖീഇന്റെ അടിസ്ഥാനത്തെയും ആരംഭത്തെയും കുറിച്ച് ലഭ്യമാകുന്ന വിശദാംശങ്ങൾ ഇപ്രകാരമാണ്. നബി(സ)തിരുമേനി മദീനയിൽ വന്നതിനുശേഷം അവിടെ ഒരുപാട് ശ്മശാനങ്ങളുണ്ടായിരുന്നു അറബികളുടെ വിവിധ ഗോത്രങ്ങൾക്ക് അവരുടെ ശ്മശാനങ്ങളുണ്ടായിരുന്നെങ്കിലും യഹൂദികൾക്ക് അവരുടേതായ ശ്മശാനങ്ങളുണ്ടായിരുന്നു. പരിശുദ്ധ മദീന ആ സമയത്ത് വിവിധ പ്രദേശങ്ങളായി വിഭജിക്കപ്പെട്ടിരിക്കുകയായിരുന്നു. അതുകൊണ്ടുതന്നെ ഓരോ ഗോത്രവും അവരവരുടെ പ്രദേശങ്ങളിൽ തുറസ്സായ സ്ഥലങ്ങളിൽ മൃതദേഹങ്ങൾ സംസ്കരിക്കുമായിരുന്നു. ഖബായ്ക്ക് വളരെ പ്രസിദ്ധമായ വേറെ ശ്മശാനം ഉണ്ടായിരുന്നു. അതായത് അവിടങ്ങളിൽ ചെറിയ ചെറിയ മറ്റു ശ്മശാനങ്ങളുമുണ്ടായിരുന്നു. ബനൂസഫറിന് സ്വന്തം ശ്മശാനം ഉണ്ടായിരുന്നു അതുപോലെ ബനൂ സലമയ്ക്ക് അവരുടേതായ ഖബർസ്ഥാൻ വേറെയുണ്ടായിരുന്നു. ഇതര ഖബർസ്ഥാനുകളിൽ ബനൂസഅദയുടെ ഖബർസ്ഥാനുണ്ടായിരുന്നിടത്തായിരുന്നു പിന്നീട് സൂഖുന്നബി നിലവിൽ വന്നത്. അവിടെയാണ് മസ്ജിദ് നബവി നിർമ്മിക്കപ്പെട്ടത്. അവിടെയും ഈന്തപ്പനക്കൂട്ടങ്ങൾക്കിടയിൽ ചില ബഹുദൈവാരാധകരുടെ ശ്മശാനങ്ങളുണ്ടായിരുന്നു. ഈ എല്ലാ ശ്മശാനങ്ങളിലും വച്ച് ബഖീഉൽ ഗർഖദ് ഏറ്റവും പുരാതനവും പ്രസിദ്ധവുമായ ഖബർസ്ഥാൻ ആയിരുന്നു. പിന്നീട് നബി(സ)തിരുമേനി അതിനെ മുസ്ലിംങ്ങൾക്കു വേണ്ടിയുള്ള ഖബർസ്ഥാനായി തിരഞ്ഞെടുത്തതു മുതൽ ഇന്നേവരെ അതിനു മാത്രമായൊരു സവിശേഷമായ സ്ഥാനമുണ്ടായി. ആ സവിശേഷത എന്നെന്നും നിലനിൽക്കുന്നതുമാണ്.

ഹദ്റത്ത് ഉബൈദുല്ലാഹിബ്നു അബീറാഫിഇൽനിന്നു നിവേദനം, മുസ്ലിങ്ങൾക്കു മാത്രമായുള്ള ഒരു ഖബർസ്ഥാനു വേണ്ട സ്ഥലത്തിന്റെ അന്വേഷണത്തിലായിരുന്നു നബി(സ)തിരുമേനി. അതിനായി വിവിധ സ്ഥലങ്ങൾ കണ്ടുവെങ്കിലും ബഖീഉൽ ഗർഖദിനായിരുന്നു അതിൽ അഭിമാനിക്കുവാനുള്ള വിധിയുണ്ടായിരുന്നത്. തിരുദൂതർ(സ) പറഞ്ഞു; ഈ സ്ഥലം തിരെഞ്ഞെടുക്കുവാനായി കല്പന ലഭിച്ചിരിക്കുന്നു. ഏറ്റവുമാദ്യം അവിടെ മറയടക്കപ്പെട്ടത് ഉസ്മാൻ ബിൻ മദ്ഊൻ ആയിരുന്നു. നബി(സ)തിരുമേനി അടയാളമായി ഒരു കല്ലെടുത്ത് അദ്ദേഹത്തിന്റ ഖബറിന്റെ തല ഭാഗത്തായി വച്ചു. എന്നിട്ടു പറഞ്ഞു; നമുക്കു മുമ്പേ പോയതാണിദ്ദേഹം. അതിനുശേഷം ആരെങ്കിലും മരണമടയുമ്പോൾ ജനങ്ങൾ നബി(സ) തിരുമേനിയോട് എവിടെയാണ് മറവു ചെയ്യേണ്ടത് എന്ന് ചോദിക്കുമായിരുന്നു. അപ്പോൾ നബി(സ) പറയുമായിരുന്നു; നമുക്കു മുമ്പേ കടന്നു പോയ ഉസ്മാനുബ്നു മദ്ഊന്റെ സമീപത്ത്. 'ബഖീഅ്' എന്നാൽ അറബിയിൽ വരളയധികം വൃക്ഷങ്ങളുള്ള പ്രദേശത്തിനാണ് പറയുക. പരിശുദ്ധ മദീനയിലെ ഈ പ്രദേശം ബഖീഉൽ ഗർഖദ് എന്ന പേരിലറിയപ്പെടാൻ തുടങ്ങി. എന്തെന്നാൽ അവിടെ ഗർഖദ് വൃക്ഷങ്ങൾ ധാരാളമുണ്ടായിരുന്നു. കൂടാതെ അവിടെ മരുപ്രദേശങ്ങളിൽ സ്വയം പൊട്ടിമുളച്ചുവളരുന്ന കുറ്റിച്ചെടികളും ധാരാളമായി ഉണ്ടായിരുന്നു. 'ജന്നത്തുൽ ബഖീഅ്' എന്നും ഇതിനെ പറയപ്പെടുന്നു. ഹദ്റത്ത് സാലിംബിൻ അബ്ദുല്ലാഹ് തന്റെ പിതാവിൽ നിന്നും നിവേദനം ചെയ്യുന്നു; അതായത് ആരെങ്കിലും മരണമടഞ്ഞാൽ നബി(സ) തിരുമേനി പറയുമായിരുന്നു; നമുക്കു മുമ്പേ പോയ ദാസരുടെ അടുത്തേക്ക് കൊണ്ടുപോകുക. ഉസ്മാൻ ബിൻ മദ്ഊൻ എന്റെ ഉമ്മത്തിലെ നമുക്കു മുമ്പേ പോയ എത്ര നല്ല വ്യക്തിയായിരുന്നു. ഹദ്റത്ത് ഇബ്നു അബ്ബാസ് നിവേദനം ചെയ്യുന്നു; ഹദ്റത്ത് ഉസ്മാൻ വഫാത്തായപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന്റെ മൃതശരീരത്തിന്റെ സമീപത്തു വന്നു. തിരുമേനി അദ്ദേഹത്തിന്റെ മൃതശരീരത്തിനു മുന്നിൽ മൂന്നു പ്രാവശ്യം കുനിഞ്ഞു. എന്നിട്ട് തലയുയർത്തിക്കൊണ്ടു ഉച്ചത്തിൽ ഇങ്ങനെ പറഞ്ഞു; അബൂസാഇബേ അല്ലാഹു നിനക്കു പൊറുത്തുതരുമാറാകട്ടെ. ലോകത്തുള്ള ഒരു വസ്തുവിന്റെയും കറപുരളാത്ത അവസ്ഥയിലാണ് നീ ഈ ലോകത്തുനിന്നും വിടപറഞ്ഞത്.

ഹദ്റത്ത് ആയിശ പറയുന്നു; തിരുനബി(സ) ഹദ്റത്ത് ഉസ്മാനുബ്നു മദ്ഊന്റെ മൃതശരീരത്തെ മുത്തി. അദ്ദേഹ

ത്തിന്റെ ശരീരവും കണ്ണുകളും കണ്ണുനീരിൽ കുതിർന്നിരുന്നു. നബി(സ)തിരുമേനിയുടെ കണ്ണുനീർ ഹദ്റത്ത് ഉസ്മാന്റെ കവിൾതടത്തിലൂടെ ഒഴുകുന്നതായി ഞാൻ കണ്ടു എന്ന് ഹ ദ്റത്ത് ആയിശ പറയുന്നു. നബി(സ)തിരുമേനിയുടെ പു ത്രൻ ഇബ്രാഹീം വഫാത്തായപ്പോൾ അദ്ദേഹം പറയുകയു ണ്ടായി; *അൽഹിക് ബിസ്സലഫിസ്സാലിഹി ഉസ്മാനിബ്നു മ ദ്ഊൻ.* അതായത് മുൻകഴിഞ്ഞുപോയ സ്വാലിഹായ ഉസ് മാനുബ്നു മദ്ഊനുമായി കണ്ടുമുട്ടുക. ഹദ്റത്ത് ഉസ്മാനു ബ്നു അഫ്ഫാനിൽ നിന്നും നിവേദനം. നബി(സ)തിരുമേ നി ഹദ്റത്ത് ഉസ്മാനുബ്നു മദ്ഊന്റെ ജനാസ നമസ്കരി പ്പിച്ചു. അതിൽ നാലു തക്ബീറുകൾ ചൊല്ലി. മുത്തലിബു ബ്നു വിവരിക്കുന്നു; ഹദ്റത്ത് ഉസ്മാൻ വഫാത്തായി അ ദ്ദേഹത്തിന്റെ ജനാസ കൊണ്ടുപോയി ഖബറടക്കി. നബി(സ) തിരുമേനി ഒരാളോട് ഒരു കല്ലു കൊണ്ടുവരുവാൻ കല്പിച്ചു. ഭാരമുള്ള ഒരു കല്ലായിരുന്നതിനാൽ അയാൾക്കതു പൊക്കാൻ സാധിച്ചില്ല. നബി(സ)തിരുമേനി അവിടെ പോയി ഇരുകൈ കളിലേയും വസ്ത്രം പൊക്കിവച്ചു. അതിനുശേഷം ആ ക ല്ലെടുത്ത് ഹദ്റത്ത് ഉസ്മാനുബ്നു മദ്ഊന്റെ തലഭാഗത്തു വച്ചു. ശേഷം പറഞ്ഞു, ഈ അടയാളം കൊണ്ട് ഞാനെന്റെ സഹോദരനെ തിരിച്ചറിയുന്നതാണ്. മാത്രമല്ല എന്റെ കുടും ബത്തിൽപ്പെട്ട ആരെങ്കിലും മരിച്ചു കഴിഞ്ഞാൽ അയാളെ ഞാൻ ഇദ്ദേഹത്തിന്റെ അടുത്ത് മറവു ചെയ്യുന്നതാണ്.

ഹുസൂർ പറയുന്നു; ഇനി ഹദ്റത്ത് മീർസാ ബശീർ അ ഹ്മദ് സാഹിബ് ഹദ്റത്ത് ഉസ്മാനുബ്നു മദ്ഊന്റെ മരണ വുമായി ബന്ധപ്പെട്ടു നൽകിയ വിശദീകരണത്തിൽ നിന്നും ചില കാര്യങ്ങൾ പറയാം. അദ്ദേഹം പറയുകയാണ്; ഹിജ്റ രണ്ടാം വർഷത്തിന്റെ അവസാനത്തിൽ നബി(സ)തിരുമേ നി തന്റെ സ്വഹാബാക്കൾക്കു വേണ്ടി മദീനയിൽ ഒരു മഖ് ബറ ഉണ്ടാക്കി. ജന്നത്തുൽ ബഖീഅ് എന്നാണതിനെ പറ ഞ്ഞിരുന്നത്. പിന്നീട് സ്വഹാബക്കളെ അതിലാണ് അടക്കം ചെയ്തിരുന്നത്. ആ മഖ്ബറയിൽ ഏറ്റവും ആദ്യം അടക്കം ചെയ്യപ്പെട്ട സ്വഹാബിയായിരുന്നു ഉസ്മാനുബ്നു മദ്ഊൻ. ആദ്യകാല മുസ്ലിംങ്ങളിൽപ്പെട്ടയാളായിരുന്നു ഉസ്മാൻ. സൽസ്വഭാവിയും ഭക്തനും സൂഫിചിന്തയുള്ളതുമായ ഒരാ ളായിരുന്നു അദ്ദേഹം. മുസ്ലിമായതിനു ശേഷം ഒരിക്കൽ അദ്ദേഹം നബി(സ)തിരുമേനിയോടു പറഞ്ഞു; അങ്ങ് എ നിക്ക് അനുവാദം നൽകുമായിരുന്നെങ്കിൽ ഞാൻ തികച്ചും ലൗകീകത കൈവെടിഞ്ഞ് ഭാര്യാമക്കളിൽ നിന്നും അകന്നു കൊണ്ട് ദൈവാരാധനയ്ക്കു മാത്രമായി ജീവിതം വഖ്ഫ് ചെയ്യാൻ ആഗ്രഹിക്കുകയാണ്. എന്നാൽ നബിതിരുമേനി അനുമതി നൽകിയില്ല. എന്തായിരുന്നാലും ഉസ്മാനുബ്നു മദ്ഊന്റെ മരണം നബി(സ)തിരുമേനിയെ ദുഖത്തിലാഴ്ത്തി. നിവേദനങ്ങളിൽ കാണാം, മരണത്തിനുശേഷം അവിടന്ന് അദ്ദേഹത്തിന്റെ നെറ്റിത്തടത്തിൽ മുത്തുകയുണ്ടായി. അ പ്പോൾ തിരുമേനിയുടെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു. അ ദ്ദേഹത്തെ(ഉസ്മാനുബ്നു മദ്ഊനെ) ഖബറടക്കിയ ശേഷം ഖബറിനുമുകളിൽ ഒരടയാളമെന്നോണം ഒരു കല്ല് സ്ഥാപി ക്കുകയുണ്ടായി. പിന്നീട് ഇടക്കിടക്ക് തിരുമേനി ജന്നത്തുൽ ബഖീഇൽ പോയി അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്യാറു ണ്ടായിരുന്നു. മദീനയിൽ അന്തരിച്ച ആദ്യത്തെ മുഹാജിറാ യിരുന്നു ഉസ്മാൻ.

ഹദ്റത്ത് ഉസ്മാൻബിൻ മദ്ഊന്റെ മരണത്തിൽ അദ്ദേ ഹത്തിന്റെ ഭാര്യ ഒരു വിലാപകാവ്യമെഴുതി. അതിന്റെ പരി ഭാഷയിതാണ്; കണ്ണേ നീ ഉസ്മാന്റെ ദുരന്തത്തിൽ തീരാ ക്കണ്ണീരൊഴുക്കുക. തന്റെ സ്രഷ്ടാവിന്റെ തൃപ്തിക്കായി ദി നരാത്രങ്ങൾ കഴിച്ചുകൂട്ടിയ ആ മഹാവ്യക്തിയുടെ ദുരന്ത ത്തെയോർത്തു കണ്ണീരൊഴുക്കുക. അതുല്ല്യനായൊരു വ്യ ക്തിയിതാ മൺമറഞ്ഞിരിക്കുന്നു. ഈ നിവാസിയുടെ വര വോടെ ബഖീഉം ഗർഖദും പാവനമായിരിക്കുന്നു. അദ്ദേഹ ത്തെ മറയടക്കിയതിനു ശേഷം ആ ഭൂമി പ്രകാശപൂരിതമാ യിരിക്കുന്നു. മരണം വരെയുള്ള തീരാദു:ഖം എന്റെ ഹൃദയ ത്തിന് ആഘാതമേല്പിച്ചിരിക്കുന്നു. എന്റെയീ അവസ്ഥക്കിനി യൊരു മാറ്റവും വരാൻ പോകുന്നില്ല.

ഹദ്റത്ത് ഉമ്മെ അലാ പറയുന്നു; ഞാൻ നബി(സ)തിരു മേനിയുടെ മുന്നിൽ സാക്ഷ്യം വഹിച്ചുകൊണ്ടു പറഞ്ഞു; അബൂ സാഇബേ, അല്ലാഹു നിന്നിൽ കരുണ ചൊരിയട്ടെ തീർച്ചയായും അല്ലാഹു താങ്കൾക്ക് ആദരവ് നൽകിയിരി ക്കുന്നു. അപ്പോൾ നബി(സ)പറഞ്ഞു; ഉസ്മാൻ മരിച്ചു പോ യിരിക്കുന്നു. ഞാൻ അദ്ദേഹത്തിന്റെ നന്മ കാംക്ഷിക്കുന്നവ നാണ് അല്ലാഹു അദ്ദേഹത്തിന് ആദരവു നൽകുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. അവിടന്ന് പറഞ്ഞു; അല്ലാഹുവാ ണ! ഉസ്മാന്റെ കാര്യം എന്താകുമെന്ന് എനിക്കറിയില്ല. ദു ആ തീർച്ചയായും ചെയ്യുന്നുണ്ട്. എന്നാൽ ഞാനല്ലാഹുവി ന്റെ ദൂതനായിരുന്നിട്ടുകൂടി തീർച്ചയായും ആദരവു നൽകി യിരിക്കുന്നു എന്നെനിക്കു പറയുവാൻ സാധിക്കുകയില്ല.

ഹുസൂർ പറയുകയാണ്; ഇതും തിരുനബി(സ)യുടെ ശി ക്ഷണത്തിന്റെ ഒരു രീതിയായിരുന്നു. അത്ര അസന്ദിഗ്ധമായി അല്ലാഹുവിന്റെ പൊറുക്കലിനെക്കുറിച്ച് സാക്ഷ്യം പറഞ്ഞു കൂടാ. എന്നാൽ, ഹദ്റത്ത് ഉമ്മെ അലായ്ക്ക് സ്വപ്നത്തിൽ ഹദ്റത്ത് ഉസ്മാനുബ്നു മദ്ഊന്റെ കർമ്മങ്ങൾ ഒരു അരു വിയുടെ രൂപത്തിൽ കാണിക്കപ്പെട്ടപ്പോൾ നബി(സ)തിരു മേനി അതിനെ സാക്ഷ്യപ്പെടുത്തുകയുണ്ടായി. ആ ബദരീ സ്വഹാബാക്കളിൽ അല്ലാഹു തൃപ്തനായിരിക്കുന്നുവെന്ന കാര്യം നബി(സ)തിരുമേനിക്കറിയാമായിരുന്നു. സ്വയം അ വർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. മാത്രമല്ല അദ്ദേഹത്തെ(ഉസ്മാനുബ്നു മദ്ഊനെ) സംബന്ധിച്ചുള്ള തി രുമേനിയുടെ വികാരപ്രകടനവും വ്യക്തമാക്കുന്നത്, അവർ ക്കുവേണ്ടിയുള്ള ദുആകൾ അല്ലാഹു തീർച്ചയായും സ്വീക രിക്കുമെന്നും അവരെ അല്ലാഹുവിന്റെ സാമിപ്യം പ്രാപിച്ച വരിൽ ഉൾപ്പെടുത്തുമെന്നും ദൃഢമായ വിശ്വാസമുണ്ടായി രുന്നുവെന്നാണ്.

മസ്നദ് അഹ്മദ് ബിൻ ഹമ്പൽ ഈ വിഷയം വിവരിച്ചി രിക്കുന്നത് ഇപ്രകാരമാണ്; ഖാരിജാബിൻ സൈദ് തന്റെ മാ താവിൽ നിന്നും നിവേദനം ചെയ്യുന്നു, ഹദ്റത്ത് ഉസ്മാനു ബ്ന് മദ്ഊൻ മരണപ്പെട്ടപ്പോൾ ഖാരിജാബിൻ സൈദിന്റെ മാതാവ് പറഞ്ഞു; അബൂ സാഇബേ നീ പരിശുദ്ധനും നി

ന്റെ നല്ല ദിനങ്ങൾ വളരെ ഉത്തമമായതുമായിരുന്നു. നബി(സ) അതുകേട്ടു ചോദിച്ചു ആരാണീ പറയുന്നത്. അവർ പറഞ്ഞു ; ഞാനാണ്. എന്തുകൊണ്ടാണ് നിങ്ങളങ്ങനെ പറഞ്ഞത്. ഞാൻ പറഞ്ഞു; അല്ലാഹുവിന്റെ റസൂലേ ഉസ്മാൻ ബിൻ മദ്ഊന്റെ കർമ്മങ്ങളും ആരാധനകളും അത്തരത്തിലുള്ളതായിരുന്നു. അതുകൊണ്ടാണ് അല്ലാഹു അദ്ദേഹത്തിന് തീർച്ചയായും പൊറുത്തുകൊടുത്തിരിക്കുന്നു എന്നെനിക്കു തോന്നിയത്. നബി(സ) തിരുമേനി പറഞ്ഞു; ഉസ്മാനുബ്നു മദ്ഊനിൽ നന്മയല്ലാതെ മറ്റൊന്നും നാം കണ്ടിട്ടില്ല. എന്നാൽ കൂടെതന്നെ പറയുകയുണ്ടായി; എന്നാൽ ഓർമ്മ വയ്ക്കുക അല്ലാഹുവാണ! അല്ലാഹു എന്നോടെങ്ങനെയാണ് പെരുമാറുക എന്നുപോലും എനിക്കറിയില്ല. നബി(സ)തിരുമേനിയിൽ കവിഞ്ഞ് ഭക്തനായി ആരും തന്നെയില്ല. അല്ലാഹുവിന്റെ പ്രയപ്പെട്ടവനായിരുന്നു അദ്ദേഹം. എന്നാൽ അദ്ദേഹത്തിനുണ്ടായ അല്ലാഹു നിരാശ്രയനാണെന്ന ബോധ്യത്തിന്റെയും ദൈവഭയത്തിന്റെയും അവസ്ഥ നോക്കുക, സ്വന്തം കാര്യത്തെക്കുറിച്ചുതന്നെ പറയുന്നത് എന്നോടെത്തരത്തിലാണ് പെരുമാറുക എന്നുപോലും എനിക്കറിയില്ല എന്നാണ്. അതുകൊണ്ട് നമ്മൾ എത്രമാത്രം ഭയപ്പേടേണ്ടതുണ്ട്, എത്രത്തോളം ചിന്തിക്കേണ്ടിയിരിക്കുന്നു. അതായത് സൽകർമ്മങ്ങൾ പ്രവർത്തിക്കുന്നതിലേക്കും ഇബാദത്തുകളിലേക്കും എത്രമാത്രം ശ്രദ്ധതിരിക്കണം. വിനയത്തിൽ എത്രമാത്രം പുരോഗമിക്കണം. അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹങ്ങളും ലഭ്യമാകുന്നതിനായി അവനോട് യാചിച്ചുകൊണ്ടിരിക്കേണ്ടതാണ്.

ഹുസൂർ പറയുന്നു; അടുത്തതായി പറയാൻപോകുന്ന സ്വഹാബിയുടെ പേരാണ്, ഹദ്റത്ത് വഹബ് ബിൻ സഅദ് ബിൻ അബീസറഹ്. ബനൂ ആമിർ ബിൻ ലോയി എന്ന ഗോത്രവുമാ യിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. നബിതിരുമേനിയുടെ വഹ്യ് എഴുത്തുകാരനും പിന്നീട് മുർത്തദ്ദുമായ അബ്ദുല്ലാഹിബ്നു സഅദുബ്നു അബീ സറഹ്, ഹദ്റത്ത് വഹബിന്റെ സഹോദരനായിരുന്നു. അയാളെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു; നബി(സ)ക്ക് വഹ്യ് ഇറങ്ങുമ്പോഴെല്ലാം അയാളെ വിളിപ്പിച്ച് എഴുതിക്കുമായിരുന്നു. ഒരു ദിവസം അവിടന്ന് സൂറ അൽമുഅ്മിനൂനിലെ 14,15 ആയത്തുകൾ എഴുതിപ്പിക്കുകയായിരുന്നു. അങ്ങനെ സുമ്മ അൻശഅ്നാഹു ഖൽഖൻ ആഖർ എന്ന സ്ഥലത്തെത്തിയപ്പോൾ വഹ്യ് എഴുത്തുകാരന്റെ വായിൽ നിന്നും അനിയന്ത്രിതമായി ഫതബാറകല്ലാഹു അഹ്സനുൽഖാലിഖീൻ എന്നു പുറത്തുവന്നു. നബി(സ)പറഞ്ഞു അതുതന്നെയാണ് വഹ്യിലും ഉള്ളത് അതുതന്നെയെഴുതുക. അയാൾ കരുതി എന്റെ വായിൽ നിന്നും വന്ന ഒരു വാചകം നബി(സ) വഹ്യ് ആണെന്നു പറഞ്ഞിരിക്കുന്നു ഇതുപോലെതന്നയായിതിക്കും മുഴുവൻ ഖുർആനും അദ്ദേഹം സ്വയം എഴുതിക്കൊണ്ടിരിക്കുന്നത്. അങ്ങനെ അയാൾ മതപരിത്യാഗിയായി.

ആസിം ബിൻ ഉമർ വിവരിക്കുന്നു ഹദ്റത്ത് വഹബ് മദീനയിലേക്കു ഹിജ്റത്ത് പോയപ്പോൾ അദ്ദേഹം ഹദ്റത്ത് കുൽസൂം ബിൻ ഹിദമിന്റെ അടുക്കൽ തങ്ങി. നബി(സ)തിരുമേനി ഹദ്റത്ത് വഹബിനും ഹദ്റത്ത് സുവൈദുബ്നു അംറിനുമിടയിൽ സാഹോദര്യബന്ധമുണ്ടാക്കി. അവർ രണ്ടുപേരും മുഅത്താ യുദ്ധത്തിൽ ശഹീദായി. ഹദ്റത്ത് വഹബ്, ബദർ ഉഹദ് ഖന്ദക്ക് ഹുദൈബിയ്യ ഖൈബർ എന്നിവയിൽ പങ്കെടുക്കുകയുണ്ടായി. ശഹാദത്ത് വരിക്കുമ്പോൾ അദ്ദേഹത്തിന് 40 വയസ്സായിരുന്നു. ഹിജ്റ വർഷം 8 ന് ആണ് മുഅത്താ യുദ്ധം നടന്നത്. നബി(സ)തിരുമേനി ഹദ്റത്ത് ഹാരിസ് ബിൻ ഉമൈറിനെ സന്ദേശവാഹകനാക്കിക്കൊണ്ട് ബുസ്ര രാജാവിന്റെയടുക്കലേക്ക് എഴുത്തുമായി അയച്ചു. അദ്ദേഹം മുഅത്താ എന്ന സ്ഥലത്തെത്തിയപ്പോൾ ശറഹബീലിബ്നു അംറ് ഗസാനി തടയുകയും ശഹീദാക്കുകയും ചെയ്തു. നബി(സ)തിരുമേനി ഈ ദുരന്തത്തെക്കുറിച്ചറിഞ്ഞപ്പോൾ സഹിക്കാനായില്ല. അവിടന്ന് യുദ്ധത്തിനായി ജനങ്ങളെ ഒരുമിച്ചു കൂട്ടി. അവരുടെ എണ്ണം മുവ്വായിരമായിരുന്നു. അവരുടെയെല്ലാം നേതാവ് ഹദ്റത്ത് സൈദു ബിൻ ഹാരിസയായിരിക്കുമെന്ന് നബി(സ)പ്രഖ്യാപിക്കുകയും ഒരു വെള്ളക്കൊടി തയ്യാറാക്കി ഹദ്റത്ത് സൈദിനു നൽകുകയും ചെയ്തു. ശേഷം ഉപദേശമായി പറഞ്ഞു ഹദ്റത്ത് ഹാരിസ് ബിൻ ഉമൈർ ശഹീദായയിടത്തുപോയി ഇസ്‌ലാമിലേക്കു ക്ഷണിക്കുക. അവർ ഇസ്‌ലാം സ്വീകരിച്ചാൽ നല്ലത് അല്ലാത്ത പക്ഷം അല്ലാഹുവിന്റെ സഹായം തേടി അവർക്കെതിരിൽ യുദ്ധം ചെയ്യുക. ഹദ്റത്ത് വഹബും ആ യുദ്ധത്തിൽ പങ്കെടുത്തിരുന്നു.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ പറയുകയുണ്ടായി, ഇനി ഞാൻ ചില പരേതരെക്കുറിച്ച് പറയുകയാണ്. അവരുടെ ജനാസ നമസ്കരിപ്പിക്കുകയും ചെയ്യുന്നതാണ്.

ആദ്യമായി ബഹുമാനപ്പെട്ട മലിക്ക് മുഹമ്മദ് അക്റം സാഹിബിനെക്കുറിച്ചാണ് പറയുന്നത്. ജമാഅത്തിന്റെ മുറബ്ബിയായിരുന്നു അദ്ദേഹം. ഇന്നലെ ഏപ്രിൽ 25ന് മാഞ്ചസ്റ്ററിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. അത്വാഉൽ മുജീബ് റാഷിദ് സാഹിബ് പറയുകയാണ്; അക്റം സാഹിബ് വളരെ നല്ല ഗുണങ്ങൾക്കുടമയായിരുന്നു. വളരെ നല്ല മതനിഷ്ഠയുള്ള അങ്ങേയറ്റം ആത്മാർത്ഥതയുള്ള അനുരക്തനായ ഒരഹ്മദിയായിരുന്നു. ആവേശഭരിതനായ ഒരു മുബല്ലിഗും ഉത്തരവാദിത്വത്തോടെ ജോലി ചെയ്യുന്ന ഖിലാഫത്തിനോടുള്ള അനുസരണത്തിൽ ഉന്നതനിലവാരത്തിലുള്ള ജമാഅത്തിന്റെ ഒരു സേവകനുമായിരുന്നു അദ്ദേഹം.

രണ്ടാമത്തെ ജനാസ ചൗധരി അബ്ദുൽശുകൂർ സാഹിബ് മുബല്ലിഗ് സിൽസിലയുടെതാണ്. ചൗധരി അബ്ദുൽഅസീസ് സാഹിബ് സിയാൽകോട്ടിയുടെ മകനായിരുന്നു അദ്ദേഹം. ഏപ്രിൽ12 ന് അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. മഹ്മൂദ് താഹിർ സാഹിബ് ഖാഇദ് ഉമൂമി അൻസ്വാറുല്ലാഹ് പാക്കിസ്ഥാൻ പറയുകയാണ്; വലിയ നിശ്ശബ്ദസേവനം ചെയ്യുന്ന ആളായിരുന്നു അദ്ദേഹം. ജോലിയിലായിരുന്നു മുഴുവൻ ശ്രദ്ധയും. നല്ല വിവേകിയായിരുന്നു. നാഇബ് വക്കീലുത്തബ്ശീർ ശെയ്ഖ് ഖാലിദ് സാഹിബ് പറയുന്നു, വളരെ വിനയാന്വിതനായിരുന്നു. മഹാനു

ഭാവനും ശുദ്ധ പ്രകൃതനുമായിരുന്നു. ജമാഅത്തിനോട് അ ങ്ങേയറ്റം കൂറുപുലർത്തുന്നയാളും അർപ്പണബോധമുള്ളയാ ളുമായിരുന്നു.

മൂന്നാമത്തെ ജനാസ ബഹുമാന്യ മലിക് സ്വാലിഹ് മുഹ മ്മദ് സാഹിബ് മുഅല്ലിം വഖ്ഫെ ജദീദിന്റേതാകുന്നു. 2019 ഏപ്രിൽ 21 ന് അല്ലാഹുവിന്റെ വിധിപ്രകാരം വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. അദ്ദേഹ ത്തിന്റെ മുതുമുത്തച്ഛൻ അല്ലാഹ് ബഖ്ശ് സാഹിബ് ഹദ്റ ത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. സൂര്യ ചന്ദ്രഗ്രഹണങ്ങളുടെ അടയാളം ദർശിച്ചു കൊണ്ട് ലൂധ്റാനി ൽ നിന്നും ഖാദിയാൻ വരെ കാൽനടയായി പോയി ഹദ്റ ത്ത് മസീഹ് മൗഊദ്(അ)ന്റെ കരങ്ങളിൽ ബൈഅത്തു ചെ യ്യുവാനുള്ള സൗഭാഗ്യം സിദ്ധിച്ച വ്യക്തിയായിരുന്നു അ ദ്ദേഹം.

നാലാമത്തെ ജനാസ ബഹുമാന്യ മോശെ ജുമുആ സാ ഹിബ് തൻസാനിയയുടേതാണ്. മാർച്ച് 13ന് വഫാത്തായി ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജഊൻ. ഖിലാഫത്തി നോട് അങ്ങേയറ്റത്തെ അനുരക്തിയുള്ളയാളും മുബല്ലിഗു മാരെയും ജമാഅത്തുഭാരവാഹികളയും വളരെയധികം ബ ഹുമാനിക്കുന്നയാളുമായിരുന്നു. ജമാഅത്തു നിയമങ്ങൾ നല്ല പോലെ പാലിക്കുമായിരുന്നു. തബ്ലീഗിൽ വളരെ തല്പ ര്യവും ആവേശവുമുള്ളയാളായിരുന്നു. ചന്ദകൾ നൽകുന്ന കാര്യത്തിൽ മുൻപന്തിയിലായിരുന്നു. അല്ലാഹു അവരോടു കാരുണ്യത്തോടും പൊറുക്കലോടും കൂടി പെരുമാറട്ടെ . അ ദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَ نَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 26.04.2019
Malayalam Translation : **Mou.Najmudheen** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516